
# ജാലകം

little kites
magazine 2018 19



Anjarakandy hss

# ജാലകം

**_Little ktes_** **_E .Magazine_**

**_2018 ..19_**

_അഞ്ചരക്കണ്ടി ഹയർ സെക്കണ്ടറി സ്കൂൾ_

# സന്ദേശം

അറുപതാം വാർഷികം ആഘോഷിക്കുന്ന അഞ്ചരക്കണ്ടി ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

കിഷോർ വിപി

മാനേജർ

.........................................................................................

അഞ്ചരക്കണ്ടി ഹയർ സെക്കന്ററി സ്കൂളിന്റെ അറുപതാം വാർഷി-കം ആഘോഷിക്കുന്ന ഈ വേളയിൽ പ്രസിദ്ധീകരിക്കുന്ന ലിറ്റിൽ കൈറ്റ്സ് മാഗസിന്റെ അണിയറ ശിൽപികൾക്കും അധ്യാപകർക്കും എഴുത്തുകാർക്കും വിദ്യാർഥികൾക്കും എല്ലാ വിധ ആശംസകളും നേരുന്നു.

രമാദേവി എ പി എം

- ഹെഡ് മിസ്ട്രസ്

.........................................................................................

അറുപതാം വാർഷികം ആഘോഷിക്കുന്ന അഞ്ചരക്കണ്ടി ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.പ്രഗൽഭരായ ഒട്ടേറെ വ്യക്തികളെ വാർത്തെടുത്ത ഈസ്ഥാപനത്തിന് ഇനിയും അതിന് കഴിയുമാറാകട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

എം വി അനിൽകുമാർ

-പി.ടി.എ. പ്രസിഡന്റ്

പ്രിയരേ

അഞ്ചരക്കണ്ടി ഹയർ സെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ കൊച്ചു സമാഹാരമാണിത് .തീർത്തും കുഞ്ഞി കരങ്ങളിൽ വിരിഞ്ഞ ഈ അക്ഷരച്ചെപ്പിനു പരിമിതികൾ ഏറെയാണ് .എങ്കിലും സഹൃദയരുടെ വിലപ്പെട്ട ആസ്വാദനത്തിനും വിലയിരുത്തലിനും കൊതിച്ചു കൊണ്ട് ഇത് സമർപ്പിക്കുകയാണ്.... ............

.....................................................................

<u>എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ</u>

ചീഫ് എഡിറ്റർ : സ്മൃതി.സി

സഹായികൾ : മിർഷ.കെ

അഞ്ജിത.എം.വി

സപ്തപ്രസാദ്

അംഗിത്

വൈഷ്ണവ്

1.ABC of happiness

2. Let me live

3. Melancholy

4. My friend

5. My teacher and me

6. Education is the most powerful weapon

7. Sweet and warm

8. The hangout

9. അച്ഛന്റെ സമ്മാനം

10 My grand mother

10. അമ്പിളി

11. അമ്മക്കിളിയും കുഞ്ഞിക്കിളിയും

12. അമ്മുവിന്റ അത്യാശ

14. ഇരുട്ട്

15. എൻവിദ്യാലയം

16. കനലെരിയുന്നൊരുപാടത്ത്

17. കൂട്ടുകാർ

18. കേരളം

19. തീരാനൊമ്പരം

20. പേടിച്ച അ നിമിഷം

21. പ്രകൃതിയാം നൊമ്പരം

22. പ്രകൃതിയുടെ കളിത്തൊട്ടിൽ

23. പ്രണയവർണ്ണങ്ങൾ

24. പ്രളയക്കെടുതിയിൽ കേരളം

25. ഭൂമി

26. ഭൂമിമാത

27. മരണത്തിന്റെ കിടക്കകൾ



# വിവിധ ക്ലബുകൾ



# സയൻസ് ക്ലബ്

ശാസ്ത്രത്തിന്റെ മേഖലയിൽ അനുദിനം മാറ്റങ്ങൾ വന്നു
കൊണ്ടിരിക്കുന്ന ഈ കാലത്ത് ചെറുപ്രായത്തിൽത്ത
ന്നെ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക എന്ന ലക്ഷ്യത്തൊടെയാണ് സ്കൂളുകളിൽ സയൻസ് ക്ലബിന്റെ
പ്രവർത്തനങ്ങൾ . മനുഷ്യന്റെ എല്ലാ അറിവുകളും

ശാസ്ത്രത്തോട് കടപ്പെട്ടിരിക്കുന്നു . അന്താരാഷ്ട്രതലത്തിൽ സയൻസുമായിബന്ധപ്പെട്ട് നടത്തുന്ന ആചരണവർഷ
ങ്ങളിലെ വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള പ്രവർ

ത്തനങ്ങൾ സ്കൂളുകളിൽ നടത്താറുണ്ട്. ഇതിന്റെ ഭാഗമാ
യി മാഗസൻ തയ്യാറക്കുകയും പ്രകാശനം നടത്തുകയും

ചെയിതിട്ടുണ്ട്.

# വിദ്യാരംഗം കലാസാഹിത്യവേദി

കുട്ടികളിൽ വായനാശീലം വളർത്തുക,അവരുടെ രചനാപരവും കലാപരവുമായ സർഗ്ഗാത്മകളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം നടത്തിവരുന്നത്.

സ്കൂളിലും ,സബ്ജില്ലാതല,ജില്ലാതല മത്സരങ്ങളിലും പരിസരങ്ങളിലെ പ്രധാന സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്ത്വത്തിൽ നടക്കുന്ന കലാസാഹിത്യ മത്സരങ്ങളിലും കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അംഗീകാരങ്ങൾക്ക് പിന്നിൽ കലാവേദിയുടെ അശ്രാന്ത പരിശ്രമമാണ്. അതോ ടൊപ്പം സാഹിത്യ ക്വിസ്സ്മത്സരം, ഉപന്യാസ രചന, ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കൽ തുടങ്ങിയവയും കുട്ടി കളെ പങ്കെടുപ്പിച്ച് നടത്തിവരുന്നു.

# സ്കൂൾ ലൈബ്രറി

സ്കൂളിലെ എല്ലാ കുട്ടികൾക്കും ജൂൺ മാസം തന്നെ ലൈബ്രറി പുസ്തകം വിതരണം നടത്തുകയും , വായന പ്രോത്സാഹിപ്പിക്കുന്നതിനായി വായന കുറിപ്പ് മത്സരം നടത്തുകയും ചെയ്തു വരുന്നു.ഈ വർഷം ഒക്ടോബറിൽ വിപുലമായ ലൈബ്രറിയുടെ ഉത്ഘാടനം ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ.വി മോഹൻകുമാർ അവർകൾ നിർവഹിച്ചു.കുട്ടികൾ പിറന്നാൾ ദിനത്തിൽ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ നൽകി വരുന്നു.കുട്ടികൾക്ക് ലൈബ്രറിയിൽ ഇരുന്നുവായിക്കാനായി വിപുലമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് .

# സാമൂഹ്യ ശാസ്ത്രക്ലബ്

വിദ്യാർത്ഥികളിൽ സാമൂഹ്യ -രാഷ്ട്രീയ -ചരിത്ര -ഭൂമിശാസ്ത്ര വിഷയങ്ങളിൽ കുട്ടികൾക്ക് അവബോധം ഉണ്ടാക്കാനും സമൂഹത്തിൽ എങ്ങിനെ നല്ല പൗരന്മാരായി തീരാമെന്നുമുള്ള ലക്ഷ്യം മുൻ നിർത്തിയാണ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.എല്ലാ ദിവസവും രാവിലെ സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പത്ര വാർത്തകള് അവതരിപ്പിച്ചു വരുന്നു.സ്വാതന്ത്ര്യദിന-റിപ്പബ്ലിക്ക് ദിനാചരണങ്ങളും ,ഗാന്ധി ജയന്തി ആഘോഷവും ക്ലബ്ബിന്റെ  ആഭിമുഖ്യത്തിൽ വിപുലമായി നടത്തിവരുന്നു .ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട വിവിധ പോസ്റ്റർ നിർമ്മാണ മത്സരവും പ്രദര്ശനവും നടത്തി വരുന്നു.

# ഗണിതശാസ്ത്രക്ലബ്

പ്രവർത്തനാധിഷ്ഠിതമായും ജീവിതഗന്ധിയായും പഠിക്കാൻ കഴിയുന്ന ഒരു വിഷയമായിട്ടും ഗണ്തശാസ്ത്ര പഠനം വിദ്യാർത്ഥി

കളുടെയും രക്ഷിതാക്കളുടെയും ഉൽക്കണ്ഠകളിലൊന്നാണ്. ഇത് പരിഹരിക്കുന്നതിന് ഗണിതശാസ്ത്ര ക്ലബ് ഒട്ടേറേ പ്രവർത്തനങ്ങ

ൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളിൽ യുക്തിചിന്ത വളർത്തുന്നതി

ന Puzzle ലുകളും Game കളും ക്ലാസ്സിൽ അവതരിപ്പിക്കാറുണ്ട്. സബ്ജില്ലാതലത്തിൽ എല്ലാ വർഷവും നടക്കുന്ന ഗണിതശാസ്ത്ര സെ മിനാറിൽ നമ്മുടെ സ്കൂളുകളിലെകുട്ടികൾ പങ്കെടുക്കുകയും പ്രബ

ന്ധം അവതരിപ്പിക്കുകയും ചെയ്തുവരുന്നു. പ്രകൃതിയും ഗണിതവും തമ്മിലുള്ള ബന്ധം കണ്ടെത്താൻ കുട്ടികളിളെ പ്രാപ്തരാക്കുവാൻ

വിവിധ ഗണിതചാർട്ടുകൾ കുട്ടികളിളെക്കൊണ്ട് ചെയ്യിപ്പിക്കാറുണ്ട്.

# ഇംഗ്ലീഷ് ക്ലബ്ബ്

സംസ്ഥാന പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞുവരുന്ന കാരണങ്ങളിലൊ ന്ന് നാടെങ്ങും കൂണുകൾ പോലെ മുളച്ചുവരുന്ന സ്വകാര്യ ഇംഗ്ലീഷ്മീഡിയം സ്കൂളുകളാണ്. ഇതിനൊരു പരിഹാരം നമ്മുടേതുപോലുള്ള സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രത്യേക പ്രാധാന്യം നൽകുക എന്നതാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് സ്കൂളുകളിൽ English club പ്രവർത്തിക്കുന്നത്. Spoken Englis h ക്ലാസ്സുകൾ തുടർന്നു വരുന്നതിനു പുറമേ എല്ലാവിഷയങ്ങളിലും കുട്ടികളെക്കൊണ്ട് English chartകളും English Magazineകളും ഉണ്ടാക്കാറുണ്ട്. വർഷാവസാനം നടത്തിവരുന്ന English fest ൽ ചെറിയ English drama കൾ ചെയ്യാറുണ്ട്. .

# പരിസ്ഥിതിക്ലബ്ബ്

വർഷങ്ങളായി സ്കൂളിൽ പ്രവർത്തിച്ചുവരുന്ന കാർഷിക പരിസ്ഥിതിക്ലബ് കൃഷിയിലും പരിസ്ഥിതി പ്രവർത്ത-നങ്ങളിലും കുട്ടികളെ തൽപരരാക്കുകയും പ്രാദേശിക രംഗത്ത് സ്തുത്യർഹമായി പ്രവർത്തിച്ച വരികയും ചെയ്യുന്നു.

ജൂൺ 5 ലോക പരിസ്ഥിതിദിനം എല്ലാ വർഷവും സമുചിതമായി ആദരിച്ച വരുന്നു.പരിസ്ഥിതിക്ലബിന്റെ അനുബന്ധപ്രവർത്തനം എന്ന നിലക്കാണ് ജൈവ പച്ചക്കറി കൃഷി ചെയ്തുവരുന്നു.

പരിസരശുചീകരണം ലക്ഷ്യമാക്കി എല്ലാക്ലാസ്സുകളിലും ശുചീകരണഉപകരണങ്ങൾ പരിസ്ഥിതിക്ലബ്ബിന്റെ നേതൃത്ത്വത്തിൽ വിതരണം ചെയ്തു. ഏറ്റവും മികച്ചരീതിയിൽകാസ്സും പരിസരവും ശുചിയാക്കി സൂക്ഷിക്കുന്ന ക്ലാസ്സിനെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകിവരുന്നു.




# വിഭവങ്ങൾ

# ENGLISH SECTION

# A B C 'S OF HAPPINESS

1 . Aspire to reach your potential
2. Believe in your self
3 . Create a good life
4 .Dream of what you might become
5 .Exercise frequently.
6.Forgive honest mistake.
7. Glorify creative spirit.
8. Honour yourself and other.
9. Imagine great things.
10. Joyfully live each day.
11. Kindly help others.
12. Love one another.
13. Meditate daily.
14. Nurture the environment.
15. Organise for harmonious action.
16. Praise performance well done.
17. Question most things.
18. Regulate your own behaviour.
19. Smile often.
20. Think rationally.
21. Understand yourself.
22. Value life.
23. Work for common good .
24. X -ray examine and carefully face problems.
25. Yearn to improve .
26. Zestfully pursue happiness.






Anjitha 9 A

# LET ME LIVE

Once i was a tiny seed
Mother nature  cared for my needs
I grew up in to shady tree
Now my age is twenty three
I have branches so many
Spreading its shade for children to play
Iam home for small creatures
And as well as for the resting birds
If i am not here,
People can't rest under my tree
They didn't  get my shade
People breath the air i give
Then why didn't people let me live

-Avanitha .k

VIII-B

# MELANCHOLY

*Never knew that shades of enternal*
*going to bleak before the triumph.*
*Beauty twirled the walls of blue*
*And that enternal sank in the hands of blue .*
*Ignored her passion ,killed her triumph*
*Never knowing her light was spewing in the dark*
*despaired that optimsm, withdrew her dream*
*Was all ready to put an end to her life.*

*That was her other half, suppressed her*
*unexpected beyrayal are always the worst.*
*Followed her reverberaying steps, with a pile of fakenes*
*Ignored the boiling blood, neglected her dream*
*He never knew she was the sunflower in between the*
*weedsWithin the Sunflower there hide a pearl in her*
*womb*
*But the man kind was at the grip of cruel world*

*All was done , the heart did stop pumping ,*
*Her womb also decided not to from*
*He lost two of the things , forever*
*That might be the eternal things , forever*
*His heart craved for peace , the impossible one*
*But that white dove flow for away with them.*
*Later he shouted for a piece of love , that*
*had smacked forever and was all over*
*He felt empathy more then guilt , but*
*it was too late to paint over the old wounds*
*The broken piece of heart began wander*
to an abyss , in search of cajoling solace

## MY DREAM

I am of a world
where on one is above no one
where no one is rich or poor
where all are equal
where on one is looking down
just because of cultural descrimination
I dream of a world
where every truth is 'truth'
where sky and ocean are blue
where no one is sad lonely

I wish one day
my dream come true
And give colour to one's life
Forever and ever

# MY GRANDMOTHER

My Grandmother is very loving
She often tell me stories
she says no to me sometimes
But I know its for my good

I like her so much
of her care ,kindness and simplicity
some times and she also likea child
plays with me
Sometimes I think "She is a mother "
But sometimes I think  "she is an Angel"

Anunad A
9 h

# My teacher and me

your speech feather touch
your care for me much
your walk with confidence
you please me all sense
yes you my teacher I respect i adore

your guidance ,your advice
you are great ,you are nice
your teacher teaching all nourshing
yes you my teacher respetnest time
I dore your laugh and sense of humour
you understand giving favour
you mind my mistake  head my heart
yes you my teacher I respect adore
you give so much my teachers

The memories of the school years will be there in the minds of the adults. It may be pleasuregiving or pricking according to the experiences they had in their schools. So it's the responsibility of the authorities to give children colourful and ever shining memories regarding schools

The child-parent relation ship has a major influence on most aspects of child development. When optimal, parenting skills and behav -ious have a positive impact on children's self esteem, school achievement cognetive development and behaviour. Parenting programs can improve parent and child interactions by helping parents to better anticipate their children's developmental changes, carry out child reading responsibilities and provide early learning experiences. Parenting programs can help them maximize their ability to do this.

A child's learning and socialization are most influenced by their family since the family is the child's primary social group .Child development happens physically, emotionally, socially and intellectually during this time. Family will be responsible for shaping a child and developing their value, skills socialization and security . Through this socialization with family a child learn how to trust ,seek friendships from others and find comfort with others well. Generally e have to learn how to make and sustain relationships. These skills are started strengthened with the family. Learning how to face interaction is vertical in a child's development.

# “Education is the most powerful weapon which you can use to change the world”

-says Nelson Mandela. Whenwe speak about our formal education schools ,teachers and parents,the trio play viral role in the development of achild schools boosts confidence in children's life is clearlyan to their future. It helps them to purse their goals and also given the belief to conqner  their challenge,no matter how insurmountable they seem. School teacher the children to establish and maintain friendships and helps them to learn how to work together as a team , which is a primary tenet of any succsesful society. At school a child learns good manners, unity, sharing and responsibility. It is very important in a child's mental andphycholigical growth. The memories of the school years will be there in the minds of the adults. It may be pleasure giving or pricking according to the experiences they had in their schools. So it's the responsibility of the authorities to give children colourful and ever shining memories regarding schools

The child-parent relation ship has a major influence on most aspects of child development. When optimal, parenting skills and behav -ious have a positive impact on children's self esteem, school achievement cognetive development and behaviour. Parenting programs can improve parent

Next page

gand child interactions by helping parents to better anticipate their children's developmental changes, carry out child reading responsibili-ties and provide early learning experiences. Parenting programs can help them maximize their ability to do this.

A child's learning and socialization are most influenced by their family since the family is the child'sprimary social group .Child development happens physically, emotionally, socially and intellectually during this time. Family will be responsible for shaping a child and developing their value, skills socialization and security . Through this socialization with family a child learn how to trust ,seek friendships from others and find comfort with others well.

Generally e have to learn how to make and sustain relationships. These skills are

started strengthened with the family. Learning how to face interaction is vertical in a child's development. By making sure that the family members are putting away their smart phone and spending time with each other .If a child continuously user mobile phones it will affect his natural language-says Nelson Mandela. When

we speak about our formal education schools ,teachers and parents,the trio play viralrole in the development of achild schools boosts confidence in children's life is clearlyan to their future. It helps them to purse their goals and also given the belief to conner  their challenge,no matter how insurmountable they seem. School teacher the children to establish and maintain friendships and helps them to learn how to work together as a team , which is a primary tenet of any succsesful society. At school a child learns good manners, unity, sharing and responsibility. It is very important in a child's mental and psychological growth.

By making sure that the family members are putting away their smart phone and spending time with each other .If a child continuously user mobile phones it will affect his natural language-says Nelson Mandela. When !!br0ken!! development . His be affected
by the over usage of it. More than that it will leads, lacking the problem solving ability of the child. Each parent should make their children aware of these consequences a safe open home environment is vital so that they can grow . As a parent giving your child consistency and structure which helps them to develop feelings of security when your child feels are secure they are able to develop many more skills. Security with in your child is a life long positive attribute. As a parents you are your child's first teachers. Children behave,react and intimate same as their parents. Parents play important role in encouraging and motivating their kids to learn. Especialy mother provides a loving , nurturing and stable environment to her children good parental support helps child to be positive ,healthy and good life long . Children acquire skills at the very early stage of their life if the parents are responsive and understanding .

Teacher is the first person from whom child learns his social skills in school . Teachers make him comfortable and guide him the early concepts and developmental skills of life . Teacher is the person who moulds the child to be a responsible and independent learner . Trust and mutual is the real secret of a child's happy learning. A good parent-teacher relationship leads . Child to be positive towards attending school . Teachers and parents should know the interacts and attitudes of the child.

Each parent should make their children aware of these consequences a safe open home environment is vital so that they can grow . As a parent giving your child consistency and structure which helps them to develop feelings of security when your child feels are secure they are able to develop many more skills. Security with in your child is a life long positive attribute. As a parents you are your child's first teachers. Children behave,react and intimate same as their parents. Parents play important role in encouraging and motivating their kids to learn. Especialy mother provides a loving , nurturing and stable environment to her children good parental support helps child to be positive ,healthy and good life long . Children acquire skills at the very early stage of their life if the parents are responsive and understanding .

Teacher is the first person from whom child learns his social skills in school . Teachers make him comfortable and guide him the early concepts and developmental skills of life . Teacher is the person who moulds the child to be a responsible and independent learner . Trust and mutual is the real secret of a child's happy learning. A good parent-teacher relationship leads . Child to be positive towards attending school . Teachers and parents should know the interacts and attitudes of the child.

Now a days most parents are worried about how to manage it's a period of transition . It's the age of storm and stress. Today's nuclear family and great mobility have created many problems for adolescents . Psychosocially children set them self disciplined , independent adults during adolescence .

It is also the period they seek role models among peers , it become important for parents and also teachers to don the role of a friend , guide and supporter giving enough freedom to win their trust but also reining them in successfully where and when it is needed.

Practical and achievable strategies to build a positive relationship with your adolescent . You need knowledge and determination

unconditional love and a great sense of honour for a great start to parent an adolescent . Try to have a good communication and connectivity with all members within the family .

We all love our children . We live work hard for their future . It is just that we may not like their behaviour at times . As parents,teachers,the success of our efforts is the future of our country . As a mother , a loving parent an experienced teacher counsellor and a life skill trainer I could help children, parents and all clients to full fill their aims in their life . So dear teachers , parents if you want your children to achieve greatness in life, try to be good . Greatness will embrace your children automatically and spontaneously.

E. V. SEENA
H S T English

SWEET AND WARM

Her smooth skin
Like rosy peach
This sweet lady
who some people see
Looks serious in fancy dresses
then there's her hair
brown and some blond
And I suppose
the flip-flops could go
She wear them every day
still beneath
her serious and warm side
There's generous person inside

# THE HANGOUT

It's always my mother's lap ,
My only hangout !
Offering dither and peace.
From where I heard my first lullaby
From where I suck the honey of my memories
From where I feel the value of the world
From where I forget my dis-
-abilities
From where I chant prayers
Form where I feel the divine
master ,The God!
It's the hangout ,my mother's
lap
From where I recall the purpose of my birth .
From where I tasted the nature first
From where a child, a young
ster and a real human emerged !
It's my mother's lap
From where I began
From where I brought up the
wings of my dreams.
From where I started to fly
From where it always whisper into my ears.
“You are not born to beat,but
to roar”
It is the hangout , my mother's lap .The only divine
hangout !

Sandra .E.V
+2

# മലയാളവിഭാഗം

# അച്ഛന്റെ സമ്മാനം

സുരേന്ദ്രനും ലക്ഷ്മിക്കും ഒരുപാട് നേർച്ചയും വഴി -പാടും കൊണ്ട് കിട്ടിയ മകളാണ് പാർവതി.ഇവർക്ക് ആ ഒരു മകളേ ഉണ്ടായിരുന്നുള്ള ു.സുരേന്ദ്രൻഓട്ടോ ഡ്രൈവറായിരുന്നു.പാർവതിക്ക് ഏറ്റവും കൂടുതൽ ഇഷ്ടം അച്ചനേയും അമ്മയേയുമാണ്.ഒരിക്കൽ സുരേന്ദ്രൻ മകളോട് പറഞ്ഞു."നീ പഠിച്ച്നിനക്ക് നല്ല ജോലി കിട്ടിയാൽ നീഎല്ലാവരേയും സഹായിക്കണം.നീ വന്ന വഴി ഒരിക്കലും മറക്കരുത്.നീയും കഷ്ട പാടിന്റെ ലോകത്തു നിന്നാണ് വന്നത്.നമ്മുടെ ലോകത്ത് എത്ര പേരാണ് ഇന്ന് ദരിദ്രരായിട്ടുള്ളത്."അച്ചന്റെ വാക്കുകൾ അവളുടെമനസ്സിൽ ആഴത്തിലിറങ്ങി ചെന്നു. അങ്ങനെ യു.എസ്.എസ് പരീക്ഷകളിൽ അവൾ ഒന്നാം സ്ഥാനം നേടി."അച്ചൻ ചോദിച്ചു നിനക്ക് എന്ത് സമ്മാനമാണ് വേണ്ടത്". അച്ചന്റെ കഷ്ടപ്പാട് അറിയാവുന്ന അവൾ വേണ്ട എന്ന് പറഞ്ഞെങ്കി- ലും അച്ചൻ നിർബന്ധിച്ചു."അച്ചന് കഴിയുന്ന സമ്മാനം തന്നാ മതി."നാളെ അച്ചൻ തരാൻ പോകുന്ന സമ്മാനം എന്താവും എന്നവൾ ഓർത്തു.പിറ്റേദിവസം പാർവതി സ്കൂളിൽ പോയ സമയത്ത് അച്ചനും അമ്മയും സമ്മാനം വാങ്ങാൻ പോയി.വാഹനം അപകടത്തിൽ പെട്ടു.അപ്പോൾ എല്ലാവ-രും കൂടി അവരെ ആശുപത്രിയിൽ എത്തിച്ചു. പാർവതിയെ ചിലർ ആശുപത്രിയിൽ എത്തിച്ചു.അവൾ പൊട്ടിക്കരഞ്ഞു.ഇനിഅവർ കുറച്ചു നേരം കൂടിയേ ജീവിക്കുകയുള്ളൂഎന്ന് ഡോക്ടർമാർ വിധിച്ചു.പാർവതി അവരുടെ അടുത്തേക്കോടി.അപ്പോൾ വളരെ ദയനീയാവസ്ഥയിൽ അച്ചൻപറഞ്ഞു."നീ കരയരുത് മോളെ .നീ വലുതായാൽ ഡോക്ടറായി എല്ലാവരെയും സഹായിക്കണം". അച്ചനും അമ്മയും ലോകത്തോടു വിട പറഞ്ഞു. മേശയിൽ രക്തം പുരണ്ടസമ്മാനപ്പൊതി അവൾ കണ്ടുഅവൾ ആ പൊതി തുറന്നു.അതിൽ ഒരു സെതസ്കോപ് ആയിരുന്നു.അവൾ അത് നെഞ്ചോടുചേർത്തുപിടിച്ചു.അവൾ വലുതായപ്പോൾ ഡോക്ടറായി എല്ലാവരെയും സഹായിച്ചു.

അക്ഷയ്.ഇ

VIII-B





Smruthi c 9 A

# അമ്മക്കിളിയും കുഞ്ഞിക്കിളിയും

ഒരിടത്ത് ഒരമ്മക്കിളിയും കുഞ്ഞിക്കിളിയും ഉണ്ടായിരുന്ന ു.ഒരു ദിവസം കുഞ്ഞിക്കിളി-ക്കൊരാഗ്രഹം.അവൾക്ക് പറക്കണമെന്ന്. പക്ഷെ അമ്മക്കിഴി സമ്മതിക്കുമോ?"നീകുറച്ചുകൂടി വലുതാകട്ടെ എന്നിട്ട് പറക്കാം" അമ്മക്കിളി പറഞ്ഞു. ഒരു ദിവസം അമ്മക്കിളി തീറ്റ തേടിപ്പോയി.ഈ സമയം അവൾ കൂട്ടിൽ നിന്നിറങ്ങി മരച്ചില്ലയിലേക്ക് നോക്കി. "പറക്കാൻ പറ്റിയ സമയം"അവ ൾ ആലോചിച്ചു.കുഞ്ഞിക്കിളി പറക്കാൻ തുടങ്ങിയപ്പോൾ ആൽമരം പറഞ്ഞു."കുഞ്ഞിക്കിളീ നീ പറക്കല്ലേ അമ്മയില്ലാത്ത സമയമാ"അവൾ അതൊന്നും കേൾക്കാതെ പറന്നു. പറന്നുപറന്ന് കുറേക്കഴിഞ്ഞപ്പോൾ അവൾക്ക് ക്ഷീണം തോന്നി.കണ്ടൻപൂച്ച അവൾ വീഴുന്നതും നോക്കി നിൽപ്പുണ്ടായിരുന്നു.അവൾ താഴേക്കു വീണതും കണ്ടൻപൂച്ച അവളെ കഴിക്കാൻ ഒരുങ്ങി. അവൾ നിലവിളിക്കാൻ തുടങ്ങി.ഇതുകേട്ട മറ്റ് പക്ഷികൾ പറന്നു വന്ന് കണ്ടൻപൂച്ചയെ കൊത്താൻ തുടങ്ങി.വേദന സഹിക്കാൻ കഴിയാതെ അവൻ ഓടിപ്പോയി.പിന്നീട് അവർ അവളോട് പറഞ്ഞു."ഇനിയെങ്കിലും നീ അമ്മയുടെ വാക്കുകൾ ധിക്കരിക്കരുത്"പിന്നീടൊരിക്കലുംഅവൾ അമ്മയുടെ വാക്ക് അനുസരിക്കാതിരുന്നിട്ടില്ല.

**അമൃത.എം.കെ**

**VIII-A**

# അമ്പിളി

അമ്പിളി അമ്പിളി എന്തേ നീ
അൻപോടിന്നലെ എത്താഞ്ഞു?
അമ്പട നിന്നെക്കാണാഞ്ഞിട്ട്
എമ്പാടും ഞാൻ ദു:ഖിച്ചു
ഒറ്റയ്ക്കിങ്ങനെ നിൽക്കേണ്ട്
കൂട്ടിനു ഞാനും കൂടാമേ
മുല്ലപ്പൂവും ചിരിക്കുന്നു
മല്ലികയുണ്ടു വിളിക്കുന്നു
പാണ്ടൻപൂച്ച പരുങ്ങുന്നു
ഓടിവരൂ നീ മടിയാതെ
അച്ഛൻ തന്നൊരു മിഠായി
വച്ചിട്ടുണ്ട് വാ വാ വാ.......

അനുഗ്രഹ്
8B

# അമ്മക്കിളിയും കുഞ്ഞിക്കിളിയും

ഒരിടത്ത് ഒരമ്മക്കിളിയും കുഞ്ഞിക്കിളിയും ഉണ്ടായിരുന്നു.ഒരു ദിവസം കുഞ്ഞിക്കിളി-
ക്കൊരാഗ്രഹം.അവൾക്ക് പറക്കണമെന്ന്. പക്ഷെ അമ്മക്കിഴി സമ്മതിക്കുമോ?"നീ
കുറച്ചുകൂടി വലുതാകട്ടെ എന്നിട്ട് പറക്കാം"
അമ്മക്കിളി പറഞ്ഞു. ഒരു ദിവസം അമ്മക്കിളി
തീറ്റതേടിപ്പോയി.ഈ സമയം അവൾ
കൂട്ടിൽ നിന്നിറങ്ങി മരച്ചില്ലയിലേക്ക് നോക്കി.
"പറക്കാൻ പറ്റിയ സമയം"അവൾ ആലോചിച്ചു.കുഞ്ഞിക്കിളി
പറക്കാൻ തുടങ്ങി-
യപ്പോൾ ആൽമരം പറഞ്ഞു."കുഞ്ഞിക്കിളീ നീ പറക്കല്ലേ
അമ്മയില്ലാത്ത സമയമാ"അവൾ അതൊന്നും കേൾക്കാതെ പറന്നു.
പറന്നു
പറന്ന് കുറേക്കഴിഞ്ഞപ്പോൾ അവൾക്ക് ക്ഷീണം തോന്ന
ി.കണ്ടൻപൂച്ച അവൾ
വീഴുന്നതും നോക്കി നിൽപ്പുണ്ടായിരുന്നു.
അവൾ താഴേക്കു വീണതും കണ്ടൻപൂച്ച അവളെ കഴിക്കാൻ
ഒരുങ്ങി. അവൾ നിലവി-
ളിക്കാൻ തുടങ്ങി.ഇതുകേട്ട മറ്റ് പക്ഷികൾ പറന്നു വന്ന്
കണ്ടൻപൂച്ചയെ കൊത്താൻ തുടങ്ങി.വേദന സഹിക്കാൻ
കഴിയാതെ അവൻ ഓടിപ്പോയി.പിന്നീട് അവർ അവളോട്
പറഞ്ഞു."ഇനിയെങ്കിലും നീ അമ്മയുടെ വാക്കുകൾ
ധിക്കരിക്കരുത്"പിന്നീടൊരിക്കലും
അവൾ അമ്മയുടെ വാക്ക് അനുസരിക്കാതിരു-
ന്നിട്ടില്ല.

അമൃത. എം . കെ

VIII A

# അമ്മുവിന്റെ അത്യാശ

പണ്ട് പണ്ട് ഒരിടത്ത് അമ്മു എന്ന ആനയും അവളുടെ അമ്മ അമ്മിണിയും താമസിച്ചിരുന്നു. അമ്മുവിന് വളരെയധികം വികൃതിയാണ് എന്തും നേടിയെടുക്കും. അന്നൊരു കനത്തമഴയുള്ള ദിവസം അമ്മുവിന് കരിമ്പ് തിന്നണമെന്ന് തോന്നി . അവൾ അത് അമ്മയോട് പറഞ്ഞു.അപ്പോൾ അമ്മ പറഞ്ഞു.മോളെ കരിമ്പിൻ തോട്ടത്തിലെത്തണമെങ്കിൽ വമ്പൻകാട്ടും കടന്ന് കുത്തി ഒഴുകും. പുഴയും കടന്ന് വേണം പോവാൻ. കൂടാതെ ഇപ്പോൾ നല്ല മഴയുമല്ലേ? അമ്മ എങ്ങനെപ്പോവാനാ അപ്പോൾ അമ്മു പറഞ്ഞു അതൊന്നും പറഞ്ഞാൽ പറ്റില്ല എനിക്ക് ഇന്ന് തന്നെ കരിമ്പ് കഴിക്കണം അമ്മു വാശിപിടിച്ചു.അവസാനം വാശിസഹിക്കവയ്യാതെ അമ്മിണി കരിമ്പിൻ തോട്ടവും ലക്ഷ്യമിട്ട് നടന്നു.വമ്പൻ കാട്എത്താറായി.അവിടെ വലിയ മൃഗങ്ങളാണ് കൂടുതൽ.അവൾ പേടിച്ച് വിറച്ച് ആ കാടിനകത്തേക്ക് കയറ ി.അവൾക്ക് വളരെപ്പേടിയുണ്ടായിരുന്നു.അപ്പോഴാണ് കാടിന് ഒടുവിലായി ഒരു വെളിച്ചം കണ്ടത്. അവൾവെളിച്ചത്തിനടുത്തേ ക്ക്പ്പോയി.അപ്രതീക്ഷിതമായാണ് തന്റെ ചങ്ങാതിയായ ചിണ്ടൻ കുറുക്കനെ കണ്ടത്. അവൾക്ക് സന്തോഷമായി.അവൾ ചിണ്ടനോട് എല്ലാകാര്യവും പറഞ്ഞു.അപ്പോഴതാണ് കാര്യമല്ലേ? ചിണ്ടൻ ചോദിച്ചു.അതെ അതുതന്നെ അവൾ പറഞ്ഞു.ചിണ്ടന്റെ വീടിനപ്പുറത്താണ് കുത്തിയൊഴുകുന്ന പുഴ.ചിണ്ടന്റെ അടുത്ത് തോണിയുണ്ടായിരുന്നു.ആ തോണി ചിണ്ടൻ പുഴയിലേക്കിറക്കി അവനും അമ്മിണിയും തോണിയിൽ കയറി. ചിണ്ടനും അവളും കഷ്ടപ്പെട്ട് തോണി തുഴയാൻ തുടങ്ങി. അപ്പോഴാണ് ഒരു മാൻ കുട്ടി വെള്ളത്തിൽ മുങ്ങിതാഴുന്നത് കണ്ടത്. അവർ തോണി തുഴയൽ വേഗത്തിലാക്കി. മാൻക്കുട്ടിയെ അമ്മിണി വാരിയെടുത്തു. എന്നിട്ട് അവളുടെ കയ്യിലുള്ള തോർത്ത് കൊണ്ട് പൊതിഞ്ഞു. ഇപ്പോഴും നല്ല മഴയാണ്. പുഴയുടെ ഒഴുക്ക് കൂടാൻ തുടങ്ങി. അവർ മൂവരും മഴയെ വകവയ്ക്കാതെ കരിമ്പിൻ തോട്ടം ലക്ഷ്യമിട്ട് തുഴഞ്ഞു. ഈ സമയം അമ്മിണിയെ കാണാതെ അമ്മു വിഷമിച്ചു. തന്റെ അത്യാർത്തിയാണ് തന്റെ അമ്മയെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്. എന്ന് അവൾ മനസ്സിലാക്കി.

അവൾ തന്റെ അമ്മയെ കാണാതെ വിങ്ങിപ്പൊട്ടി കരഞ്ഞു. അപ്പോഴേക്കും മൂവരും കരിമ്പിൻ തോട്ടിത്തിലെത്തിയിരുന്നു.മാൻകുട്ടി കരിമ്പിൻ തോടത്തിനുള്ളിലുള്ള തന്റെ വീട്ടിനകത്തേക്ക് യാത്രയായി. ഈ സമയം ചിണ്ടനും അമ്മിണിയും കഷ്ടപ്പെട്ട് 5-10കരിമ്പ്പറിച്ചെടുത്തു. എന്നിട്ട് തിരിച്ച് യാത്രയായി. കുത്തിയൊഴുകുന്ന പുഴകടന്ന്ചിണ്ടനും അമ്മിണിയും ചിണ്ടന്റെ വിട്ടിലെത്തി.അപ്പോഴേക്കും ചിണ്ടന്റെ ഭാര്യ രണ്ടു പേർക്കും നല്ല ചൂട് ചായ തയ്യാറാക്കി വച്ചിരുന്നു. ചിണ്ടൻ പറഞ്ഞു അമ്മിണി ചായകുടിച്ച് മഴ അൽപ്പം ശമിച്ചതിനുശേഷം വീട്ടിലേക്കു മടങ്ങാം. അപ്പോൾ അമ്മിണി പറഞ്ഞു അതുപറ്റില്ല.കാരണം അമ്മു വീട്ടിൽ ഒറ്റയ്ക്കാണ്.പിന്നൊരു ദിവസം ഞാനും അവളും ഇങ്ങോട്ട് വരാ ം.വീട്ടുമനസ്സിലായല്ലോ?ശരി ഞാൻപോവുന്നു.ചിണ്ടനും ഭാര്യയും അവളെ യാത്രയാക്കി.അമ്മു അപ്പോഴേക്കും കരഞ്ഞ് കരഞ്ഞ് അമ്മയെ തേടി വരുന്നുണ്ടായിരുന്നു.അമ്മയെ കണ്ട സന്തോഷത്തിൽ അമ്മു അമ്മിണിയെ ഓടിപ്പോയി കെട്ടിപ്പിടിച്ചു.അമ്മുവിനെ അമ്മിണി വാരിപ്പുണർന്നു.മോളേ ഇതാ നിനക്ക് ഇഷ്ടമുള്ള മധുര കരിമ്പ്.വേണ്ടമ്മേ വേണ്ട എനിക്കെന്റെ അമ്മയെ മതി. ഞാൻ കാരണമല്ലേ അമ്മയ്ക്കീ ഗതിവന്നത്.അങ്ങനെ പറയരുത് മോളെ.മോള് ഈ മധുരക്കരിമ്പ് കഴിക്ക് എങ്കിൽ അമ്മയും കഴിക്ക്.അമ്മുവും അമ്മിണിയും സന്തോഷത്തോടെ കരിമ്പ് കഴിക്കാൻ തുടങ്ങി.ഇതോടെ അമ്മുവിന് ഒരു കാര്യം മനസ്സിലായി."അത്യാഗ്രഹം ആപത്ത്". എന്ന്.അമ്മു പിന്നീട് അമ്മയെ കഷ്ടപ്പെടുത്താതെ നല്ലവളായി ജീവിച്ചു.

-അനന്യ സുനിൽകുമാർ

IX-E

# ഇരുട്ട്

ജനനം മുതൽ മരണം വരെ
ഇരുട്ടുതന്ന ദൈവം
സ്നേഹം തരുന്ന അമ്മയെ കാണാൻ
അനുവദിച്ചില്ല ആ ഇരുട്ട്
നന്മയും തിന്മയും തരുന്ന മനുഷ്യരെ
കാണാൻ കഴിയില്ല എനിക്ക്
വെളിച്ചം നുകരാത്ത ഇരുട്ടു തന്നു
ഞാൻ എന്ത് തെറ്റു ചെയ്തതാണ്
എനിക്ക് ഏതിന് ഇരുട്ട് തന്നു
എനിക്ക് ഇരുട്ടിനെ ഭയമാണ്
ജനനം മുതൽ മരണം വരെ
തന്നതല്ലേ ഈ ഇരുട്ട്
എനിക്ക് വെളിച്ചം എന്ന് കിട്ടും
ഭയമാണ് ഇരുട്ട്

ശ്രീയുക്ത
VI-A

# ഇരുട്ട്

ജനനം മുതൽ മരണം വരെ
ഇരുട്ടുത്തന്ന ദൈവം
സ്നേഹം തരുന്ന അമ്മയെ കാണാൻ
അനുവദിച്ചില്ല ആ ഇരുട്ട്
നന്മയും തിന്മയും തരുന്ന മനുഷ്യരെ
കാണാൻ കഴിയില്ല എനിക്ക്
വെളിച്ചം നുകരാത്ത ഇരുട്ടു തന്നു
ഞാൻ എന്ത് തെറ്റു ചെയ്തതാണ്
എനിക്ക് ഏതിന് ഇരുട്ട് തന്നു
എനിക്ക് ഇരുട്ടിനെ ഭയമാണ്
ജനനം മുതൽ മരണം വരെ
തന്നതല്ലേ ഈ ഇരുട്ട്
എനിക്ക് വെളിച്ചം എന്ന് കിട്ടും
ഭയമാണ് ഇരുട്ട്

ശ്രീയുക്ത

VII-A

# ഒരു നല്ല നാളേക്കുവേണ്ടി

ഒരു തണൽ കിട്ടാതലഞ്ഞു- ഞാനിന്ന്
മരണവായു ശ്വസിച്ചീടുമ്പോൾ
ഒരു കാറ്റ് മണ്ണിൽ വീണിരുന്നെങ്കിൽ
നമ്മുടെ ഭൂമി പുണ്യഭൂമി
പത്തായവും പോയ് കലപ്പയും പോയിന്ന്
യന്ത്രമാ നമ്മുടെ കേരളത്തിൽ
വാഹനങ്ങളുടെ പുക ശ്വസിക്കുന്ന
വായുവും ഇപ്പോൾ കഷ്ടത്തിലാ
പണ്ടത്തെ കാലപ്പിറവികൾ ഓർക്കുന്ന
ഭൂമിക്ക് ഇന്ന് ഓർമ്മയായി
ഭൂമീടെ ഐശ്വര്യമായ മരങ്ങൾ
കെട്ടിടമായി മാറീടുന്നു
എന്റെയീ കൊച്ചു മനസ്സു പറയുന്നു
വൃക്ഷത്തൈകൾ മുറിച്ചീടല്ലേ

-ഗംഗ രതീഷ്

VI-C

# കനലെരിയുന്നൊരുപാടത്ത്

കനലെരിയുന്നൊരു പാടത്ത്
മനസ്സിന്റെ മൂലയ്ക്ക്
ആശകളില്ലാത്തൊരു
മനുഷ്യന്റെ ഗാനമിതാ........
ദുഃഖവീണമീട്ടി ഞാൻ ശോകഗാനം മൂളിഞാൻ
കലങ്ങിയ മിഴികൾ താൻ ഇടയിലൂടൊഴുകുന്ന
അശ്രു ബിംബമാണ ഞാൻ
കഥനങ്ങളില്ലാതെ പുഴയിലൂടൊ-
ഴുകുന്ന പായ് വഞ്ചിയാണഞാൻ

കനലെരിയുന്നൊരു പാടത്ത്
മനസ്സിന്റെ മൂലയ്ക്ക്
ആശകളില്ലാത്തൊരു
മനുഷ്യന്റെ ഗാനമിതാ.......
ആദിയോ അവസാനമോ ഇല്ലാത്ത
ജീവിതഭാരം ചുമന്നവനാണഞാൻ....
ജനനവുമില്ലാത്ത മരണവുമില്ലാത്ത
ചിന്തകളാണ ഞാൻ.........
കനലെരിയുന്നൊരു പാടത്ത്
മനസ്സിന്റെ മൂലയ്ക്ക്
ആശകളില്ലാത്തൊരു
മനുഷ്യന്റ ഗാനമിതാ...........

ശ്രീനന്ദ്.ടി
IX-A

# കൂട്ടുകാർ

ജീവിതം അല്ലയോ അസ്വദിക്കുമ്പോഴേ
നേർവഴി കാട്ടിയ കൂട്ടുകാരൻ
കൂട്ടുകാരോടൊപ്പം കളിക്കുമ്പോഴെപ്പൊഴോ
അറിയാതെ ഞാനത് ആസ്വദിച്ചു.
കൂട്ടുകാരോടൊത്ത് ചിലവഴിക്കുമ്പോഴേ
അതാണ് സ്വർഗമെന്ന് തോന്നിപ്പോയി.
കൂട്ടുകാരോടൊത്ത് കുസൃതി കാണിച്ചപ്പോൾ
അതിനുള്ള ശിക്ഷയോ എത്ര കഠിനം.
എങ്കിലും ആ ശിക്ഷ വേദനിച്ചില്ല
ആ സ്നേഹമാണ് കൂട്ടുകെട്ട്....

അക്ഷയ്.ഇ
VIII-B

# കേരളം

അമ്മയായ കേരളത്തിന്റെ
പ്പോഴുള്ള അവസ്ഥയോ
പ്രകൃതിയുടെ കോപത്തിനിരയി.
കാലനായി വന്നൊരു പ്രളയക്കെട്ടുതിയിൽ
എല്ലാമെല്ലാം നശിച്ചു പോയി.
സ്വർഗമായി നിന്നൊരു കേരളമാണ്
എന്നാൽ ഇന്ന് നരഗതുല്യം
ദാഹിച്ചുവരണ്ടപുൽ മേടിനെപ്പോലെ
എത്ര ജീവനാണ് പോയതെന്ന്

**അക്ഷയ്.ഇ**

**8B**

# തീരാനൊമ്പരം

പ്രഭാതസൂര്യൻ ആകാശത്ത് മഞ്ഞപ്പട്ട് വിരിച്ചു കഴിഞ്ഞിരുന്നു. വീട്ടിന്റെ മുറ്റത്തുനിന്ന് പക്ഷികൾ കലപില ശബ്ദം ഉണ്ടാക്കുന്നുണ്ടായിരുന്നു.എന്നിട്ടും അമ്മു എഴുന്നേറ്റിരുന്നില്ല .

അവൾ ഒരു നീണ്ട സ്വപ്നത്തിലായിരുന്നു. അവളുടെ മുത്തശ്ശിയായിരുന്നു അവൾ സ്വപ്നം കണ്ടത്. മുത്തശ്ശിയോടൊപ്പമുള്ള കളിയും ചിരിയും. അതിനിടെ ഒരു ദിവസം അവർ രണ്ടുപേരും കുളക്കരയിൽ കളിക്കാൻ പോവുകയായിരുന്നു.അമ്മു പടികൾ തള്ളിയിറങ്ങി മുത്തശ്ശി അവളോട് പറഞ്ഞു മോളെ നിലങ്ങൾ വഴുതുന്നുണ്ട് .മെല്ലെയിറങ്ങാൻ.അമ്മു പക്ഷേ അത് കാര്യമായി എടുത്തില്ല. മുത്തശ്ശി അവളെ പിടിക്കാൻ ഓടിയപ്പോൾ മുത്തശ്ശിയുടെ ഒരു കാൽ പടിയിൽ നിന്ന് വഴുതി കുളത്തിലേക്ക് വീണു. അവൾ മുത്തശ്ശീ ..മുത്തശ്ശീ.... വിളിച്ചുകൊണ്ടുണർന്നു. അപ്പോഴാണ് അവളുടെ അമ്മ എത്തിയത്. എന്നിട്ട് അവളോട് കുറേ ചോദ്യങ്ങൾ ഉന്നയിച്ചു. മുത്തശ്ശിയോ? എന്തിനാ മുത്തശ്ശിയെ വിളിച്ചേ? അങ്ങനെ പലതും അതിനൊന്നും ഉത്തരം പറയാതെ അവൾ മുറ്റത്തെ മാവിൻ ചോട്ടിലിരുന്നു. അപ്പോൾ അമ്മ അവളുടെ അടുത്ത് വീണ്ടും എത്തി. എന്നിട്ട് പറഞ്ഞു മോളുടെ മുത്തശ്ശിമരിച്ചു. കുളത്തിൽ വീണു മരിച്ചു. മോൾ അന്ന് ചെറുതായിരുന്നു. അതാ ഓർമ്മയില്ലാത്തത്. അമ്മ അടുക്കളയിൽ പോയി. അമ്മു അവിടെ നിന്ന് പൊട്ടിക്കരഞ്ഞു. ഞാൻ കാരണമല്ലേ മുത്തശ്ശി മരിച്ചത്. എന്തു തെറ്റാണിത് . അവൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു . അപ്പോൾ ഒരു കാറ്റുവന്നവളെ തഴുകി . തീരാനൊമ്പരമായിരുന്നു മുത്തശ്ശി.

കൃഷ്ണവേണി
VI-A

# പേടിച്ച ആ നിമിഷം

പേരാവൂരിലെ പട്ടണത്തിലാണ് ഞാൻ ജനിച്ചത്.അന്റെ പേര് അലി.അനക്ക് ജീൻസ് പേന്റ് ഇഷ്ടമല്ലായിരുന്നു.ഉമ്മ നിർബന്ധിച്ചിട്ടാ ജീൻസ് പേന്റ് ഇട്ടത്.അപ്പർത്തെ പൊരേപ്പോയപ്പോൾ അവിടത്തെ ഏച്ചി ചോദിച്ചു."എന്താടാപതിവില്ലാതെ ജീൻസിട്ട്."അപ്പോൾ ഞാൻ പറഞ്ഞു."പൊരേലെ ടൗസറിനൊക്കെ ഓട്ടയാ."ഏച്ചി അനക്ക് ടിവി വച്ചു തന്നു.ഏച്ചി പറഞ്ഞു
"നീ ടീവി കാണ് ഞാൻ അലക്കട്ടെ".അവിടെ 10-22 വയസ്സുള്ള ഒരേട്ടനുണ്ടായിരുന്നു.ഏട്ടൻ അപ്പർത്തെയകത്ത് നിന്ന് പഠിക്കുകയാണ്.ഞാൻ ടിവിയിൽ സിനിമ കാണുകയാണ്.സിനിമയിൽ കോമഡി കണ്ട് ചിരിക്കുന്ന സമയ- ത്താണ് എന്തോ ഒന്ന് ശബ്ദമുണ്ടാക്കി അകത്തേ-
ക്ക് പാഞ്ഞുകയറിയത്.ശബ്ദം കേട്ട് ഞാൻ കസേരയിൽ നിന്ന് എഴുന്നേറ്റു.ഏട്ടൻ പഠിക്കുന്നടുത്ത്ത് നിന്നും ഏച്ചി അലക്കുന്നടുത്തു നിന്നും ഓടി വന്നു.അപ്പോഴാണ് അത് കീരിയാണെന്ന് മനസ്സിലായത്.കീരി അവിടെ ഇട്ടിരിക്കുന്ന സോഫയുടെ ഉള്ളിൽ കയറി.ഞാനും ഏട്ടനും പുറത്ത്തുനിന്നു.
ഏച്ചി വടിയെടുത്ത്ത് കീരിയെ അടിച്ചു.കീരി പുറത്തേക്കു ഓടി.പുറത്ത്ത് നിന്ന അന്റെ കാലിലേക്ക് ചാടിക്കയറി.ഞാൻ പേടിച്ച് വരാന്തയിൽ നിന്ന് തേരാ പാരാ ഓടി.ശബ്ദംകേട്ട് ഉപ്പ ഓടി വന്നു.ഉപ്പ കീരിയുടെ വാൽ പിടിച്ച് ഒറ്റയേറ്.കീരി ജീവനും കൊണ്ടോടി.ജീൻസ് പേന്റ് കീറിപ്പോയ ി.കീരിയുടെ പല്ലിന്റെ കല കാലിൽ ബാക്കിയായി.അപ്പോൾ തന്നെ ആശുപത്രിയിൽ കൊണ്ടുപോയി. അപ്പോൾ എനിക്ക് തോന്നി നിക്കറ് കീറിയത് ഭാഗ്യം.

അക്ഷയ്.ഇ
VIII-B

# പ്രകൃതിയാം നൊമ്പരം

നാളെയാം യാത്രയിൽ കുളിരോടും  മനസ്സിൽ
പ്രതീക്ഷയാം സുഗന്ധം എൻ മനസ്സിൽ
പ്രകൃതിയാം മരതകകാട്ടിൽ നിന്നുയരുന്ന
കാറ്റിൻ സുഗന്ധമേ എങ്ങുപോയി
മനസ്സിൽ ഇളകിയാടുന്ന പ്രകൃതിയാം കാറ്റിൽ
ഒരു കുഞ്ഞുപുല്ലിനും സ്ഥാനമില്ല
മിന്നാമിനുങ്ങിന്റെ വെട്ടത്തിൽ തിരയുന്നു നാം
ആ മണ്ണിൻ പുതുമണം എങ്ങുപോയി
മനസ്സിന്റെ മടിത്തട്ടിൽ അറിയാതെ സൂക്ഷിച്ച
പ്രകൃതിതൻ ഗാനം എങ്ങുപോയി
മേഘസ്വരൂപമായ് മഴയുടെ കാലൊച്ച
എരിയുന്ന തീനാളമായ് എൻ മനസ്സിൽ
ഹൃദയത്തിൻ തന്ത്രിയിൽ ഓടിയൊളിക്കുന്ന
കിളിനാദം കേൾക്കാനായ് കൊതിക്കുന്നു നാം
പ്രകൃതിതൻ ചിരിയെ കുത്തിനോവിക്കാതെ
ഒരു പുഷ്പമായ് സൂക്ഷിക്കു നിൻ മനസ്സിൽ


കാവേരിമുരളീധരൻ

IX-A

# പ്രകൃതിയുടെ കളിത്തൊട്ടിൽ

ഞാൻ പിറന്നൊരീ പ്രകൃതിയാണെ
പിച്ച വച്ചതിൻ മണ്ണിലാണെ
അറിവിൻ കവാടം തുറന്നൊരീ പ്രകൃതി
സുന്ദരമാണെൻ പ്രകൃതി
ഓരോരോ ജീവീടെ ജീവൻ നിലനിർത്തും
അമ്മയാകുന്നതീ പ്രകൃതി
മലകളും നദികളും വൃക്ഷങ്ങളും
ചേർന്നു കിടക്കുന്നതാണീ പ്രകൃതി
നദികൾക്കു മീതെ പായുന്ന തെങ്ങുകൾ
നീളെ കിടക്കുന്ന വയലുകൾ
തണലുകൾ നൽകുന്ന വൃക്ഷങ്ങൾ
കിളികൾക്കു കൂടുകൾ നൽകിടുന്നു
എന്റെ ജീവനാണീ പ്രകൃതി
സംരക്ഷിക്കാം എന്നെന്നും

കാവേരിമുരളീധരൻ

IX-A

# പ്രണയവർണങ്ങൾ

വിരഹമാം പ്രണയം വിരഹമെൻ പ്രണയം
മോഹത്തിൻ പ്രണയം സ്വപ്നമെൻ പ്രണയം
മായാത്ത മനസിന്റെ കുളിരാണ് പ്രണയം
ഏഴുവർണ്ണങ്ങളും ഉതിരുന്ന മലരാണ് പ്രണയം
ഉയിരിന്റെ ഉലികയിൽ നിറയുന്ന കനവാണ് പ്രണയം
ഈറൻ മേഘം ചായും ചിരിയിൽ നിൻ പ്രണയം
ഉരുകുമെൻ നിശ്വാസമായ് പാടുന്ന പ്രണയം
മൗനത്തിൻ സംഗീത രാഗമായ് പ്രണയം
മലർമഞ്ഞു മഞ്ചിമ പോലെ തഴുകുമെൻ പ്രണയം
കണ്ണീരിൽമുങ്ങി നനഞ്ഞൊരു സുന്ദര പ്രണയം
നിൻ ഹൃദയം ഞാൻ നുകർന്നെടുത്തോട്ടെ
കാണാ ദൂരം തേടിപ്പോകും പൊന്നരയന്നങ്ങളാം
നമ്മൾ
ഇതൾമാഞ്ഞൊരോർമ്മയാം ദുഃഖത്തിൻ പ്രണയം
പ്രണയം... പ്രണയം... പ്രണയം...

കാവേരിമുരളീധരൻ
IX-A

# പ്രളയക്കെടുതിയിൽ കേരളം

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ കണ്ടതിൽവച്ച് ഏറ്റവുംശക്തിയേറിയ ഒരു പ്രളയമാണ്2018വർഷത്തിൽ സംഭവിച്ചത്. ഈ അതിഭീകരമായ പ്രളയത്തിൽ കേരള- ത്തിലെ എല്ലാ വസ്തുക്കളും ഒലിച്ചുപോയെങ്കിലും മനുഷ്യമനസ്സിൽ മനുഷ്വത്ത്വമുണർത്തിയഒരു മഹാപ്രളയമായിരുന്നു.മുസ്ലീം പ്രവാചകന്മാരിൽ ഒരാളായ നൂഹ് നബിയുടെ കാലത്ത് നടന്ന പ്രളയാത്തോട് സാമ്യമുണ്ടായിരുന്നു ഇതിന്. മനുഷ്യനും ജീവജാലങ്ങളും വീടും മരങ്ങളും ഒക്കെ ഒലിച്ചുപോകുന്ന ഒരു കാഴ്ചയാണ് നമുക്ക് സമൂഹമാധ്യമങ്ങളിലൂടെ കാണാൻ സാ- ധിച്ചത് . ഒരു വശത്ത് മനുഷ്യരും മറുവശത്ത്കേരളമണ്ണും ഈ അതിഭീകര പ്രളയത്തിന് സാക്ഷിയാകേണ്ടി വന്നു. കേരളം മുഴുവനും വെള്ളത്തിൽ മുങ്ങി. പക്ഷെ ,കേരളിയരുടെ നിശ്ചയ ദാർഢ്യത്തെ തോൽപ്പിക്കാൻ ഈ പ്രളയത്തിന് സാധിച്ചില്ല. ഈ പ്രളയത്തിലൂടെ കേരളീയർ ജാതി-മത ചിന്ത മുഴുവനായുംവെടിഞ്ഞു. അവർ ഒരുമിച്ച് ഓണവും പെരുന്നാളും ചെറിയതോതിൽ ആഘോഷിച്ചു. ദൈവത്തിന്റെ ശിക്ഷപോലെ എത്തിച്ചേർന്ന പ്രളയം മാനവരാശിയെ മുഴുവൻ ഒന്നു വിറപ്പി ച്ചെങ്കിലും മനുഷ്യത്ത്വത്തെ ഉണർത്താൻസഹായിച്ചു. കേരലത്തിന് നൂറുകോടിയിലധികം നഷ്ടം വരുത്തിവച്ചാണ് പ്രളയം അരങ്ങൊഴിഞ്ഞത് . കേരളത്തിലെ എല്ലാജനവിഭാഗങ്ങൾക്കും ഈ പ്രളയം നാശം വരുത്തിവച്ചു .വിദ്യാർത്ഥികളുടെ പഠനം മുടങ്ങ ി,ആളുകൾക്കുവീടുകളും ബന്ധുക്കളെയും നഷ്ടപ്പെട്ടു. കുറേ പേർക്ക് ജീവൻ നഷ്ടപ്പെട്ടു അതിലേറെ പാവംമിണ്ടാപ്രാണികളെയും ഇത് അതിഭീകരമായിബാധിച്ചു. ഈ പ്രളയം ഒരുമഹാവിപത്തായി കേരളത്തിൽ വന്നു പതിച്ചു. മെലിഞ്ഞുണങ്ങിയഭാരതപ്പുഴ നിറഞ്ഞൊഴുകി. ഇടുക്കി മുല്ലപ്പെരിയാർ തുടങ്ങിയ ജലസംഭരണികൾ നിറഞ്ഞുകവിഞ്ഞു.കേരളീയർ പ്രതീക്ഷിക്കാതെ വന്നണഞ്ഞ ഈ മഹാപ്രളയം കേരളത്തിന്റെനട്ടെല്ലു തന്നെ ഒടിച്ചുകളഞ്ഞു .

സമൂഹമാധ്യമങ്ങളിലൂടെ അതിഭീകരമായ കാഴ്ച്ചകളാണ് നാം ഓരോ ദിവസവുംകണ്ടുക്കൊണ്ടിരുന്നത്.എത്ര പിഞ്ചുകുഞ്ഞുങ്ങളാണ് മണ്ണിനടിയിൽ പെട്ട് മണ്ണിലേക്ക് അലിഞ്ഞത്. ദൈവത്തിന്റെസ്വന്തം നാട് എന്നറിയപ്പെടുന്ന ഈ കൊച്ചുകേരളത്തിൽ ഭക്ഷ്യക്ഷാമവും കുടിവെള്ളക്ഷാമവുമുണ്ടായി. ചുറ്റും വെള്ളമുണ്ടായിട്ടും കുടിവെള്ളം ഇല്ലാത്ത അവസ്ഥ എത്ര ശോചനീയനാണ്.പാവപ്പെട്ടവരും പണക്കാരുമൊക്കെ ഒരു കടക്കീഴിൽ നിന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത് മനുഷ്യർ ഭൂമിയോട് ചെയ്ത ക്രൂരതകൾക്ക് ദൈവം കൊടുത്ത ശിക്ഷയാണ് ഈ പ്രളയം. താൻതാൻ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം താൻ താൻ അനുഭവിക്കേണ്ടി വരും എന്ന് ഭൂമി നമുക്ക്കാണിച്ചുതന്നു. ഭൂമിയുടെ പ്രതികാരമായാണ്കേരളജനത ഈ പ്രളയത്തെ കാണേണ്ടത്. കേരളത്തിന് വലിയ നാശനഷ്ടങ്ങളു ണ്ടാക്കിയാണ് ഈപ്രളയംമടങ്ങിയതെങ്കിലുംപുനഃനിർ മ്മിക്കാനുള്ള ശ്രമത്തിലാണ് കേരളീയർ. വലിയ മഹാപ്രള യത്തെ അതിജീവിക്കാൻ കേരളത്തെ സാഹായിച്ചത് ഇവിടുത്തെ ജനങ്ങളുടെ ആത്മവിശ്വാസവും ഐക്യവും പരസ്പര സഹകരണവുമൊക്കെയാണ് കേരളത്തിന്റെ നിലനിൽപ്പിന് തന്നെ ചോദ്യചിഹ്നമായിവന്ന പ്രളയം അവസാനം ശാന്തനായി പോവുകയാണ് ദൈവം കേരളത്തെ വീണ്ടും സഹായിച്ചു . അങ്ങനെ കേരളം ദൈവത്തിന്റെ നാട് എന്ന കീർത്തി അർത്ഥവത്തായിമാറി.

ഹനീൻ ജനനത്ത് പർവീൻ

X-F

# മെഴുകുതിരി

ഞങ്ങൾ എത്തുമ്പോഴേക്കും ഉച്ച കഴിഞ്ഞിരുന്നു.ഞാൻ പ്രതീക്ഷിച്ചതിലും കൂടുതൽ ചുളിഞ്ഞ മുഖങ്ങളും വാർധക്യത്തിന് കീഴടങ്ങിയവരുമുണ്ടായിരുന്നു.എങ്കിലും ഞാൻ മനസ്സിനെ ധൈര്യപ്പെടുത്തി.തളരില്ല.മങ്ങിയ കണ്ണുകളെല്ലാം ഞങ്ങളെ ആകാംക്ഷാഭരിതരായി നോക്കുന്നുണ്ട്.തങ്ങളെ കൊണ്ടുപോകാൻ വന്ന മക്കളാണെന്ന് കരുതിയായിരിക്കുമോ? അടുത്തേക്ക് ചെല്ലുംതോറും അവരുടെ ജിജ്ഞാസ കൂടുന്നത് പോലെ തോന്നി.ഞങ്ങളാരെന്ന് പരിചയപ്പെടുത്തുന്നതിന് മുന്നേ ആ പടുവൃദ്ധ തന്റെ  വിശേഷങ്ങൾ പറഞ്ഞു തുടങ്ങ ി.പാട്ടുപാടിത്തുടങ്ങി. എനിക്ക് മതിയായി.ഇനിയും വിശേഷങ്ങൾ കേൾക്കാനുള്ള പ്രാപ്തിയില്ലെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു.പുഞ്ചിരിക്കുന്ന ആ പ്രകാശഭരിതമായ ആ വൃദ്ധജനങ്ങളെയെല്ലാം ഒന്നുകൂടി നോക്കിക്കൊണ്ട് ഞങ്ങൾ അവിടുന്നിറങ്ങി.അപ്പോഴും അവരിൽ കുറേപേർക്ക്എന്തൊക്കെയോ പറയാനുള്ളതുപോലെ.പിന്നീട് വരാം എന്നു പറഞ്ഞിട്ടും ആ മുത്തശ്ശി വിടാത്തത് തന്റെ മക്കളുടെ സാന്നിധ്യം ഞങ്ങളിൽ നിന്നും കിട്ടിയിട്ടുണ്ടാവും.കാറിന്റെ വേഗതയിലൂടെ അദ്ദേഹത്തിന്റെ ഉള്ളിൽ അരിശവും വേദനയും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലായി.കണ്ണുനീരിനെ ഞാൻ പിടിച്ചടക്കിയെങ്കിലും ഹൃദയത്തെ എനിക്ക് കീഴടക്കാനായില്ല.ഓരോ ചിന്തകൾ മിന്നി മറയുമ്പോഴുംവീട്ടിലെത്തിയിരുന്നുകിടന്നുവെങ്കിലും ഉറക്കം വന്നില്ല.അദ്ദേഹം ഉറങ്ങിയിട്ടുണ്ടാവുമോ? അല്ലെങ്കിൽ തന്നെ എങ്ങനെ ഉണ്ടായിട്ടുണ്ടാവാനാ..... ആണും പെണ്ണുമായി ഒന്നേ ഉള്ളുവത്രെ.

അവനെ താലോലിച്ചും അവന്റെയെല്ലാ വാശിക്കും ഉത്തരം നൽകിയുമാണത്രെ അവനെ പോറ്റിയത്.അവന് വേണ്ടി ആ മാതാപിതാക്കൾ ചെയ്യാത്ത വിട്ടുവീഴ്ചകളില്ലത്രെ.ജോലിത്തിരക്കുണ്ടായിട്ടും രോഗം കീഴപ്പെടുത്താൻ അവരെ നോക്കുമ്പോഴും മകന് വേണ്ടി ഒരു ജോലിക്കാരിയെ വെക്കാഞ്ഞത് എന്നും അവനെന്റെ സ്നേഹം നുകർന്ന്കഴിയണമെന്നുള്ളതുകൊണ്ടാണ്അവന്റെ വളർച്ചയിലോരോ നിമിഷവും അവന് വേണ്ടി എന്തൊക്കെ ചെയ്യാൻ പറ്റുമോ അതൊക്കെ ചെയ്തു.....ഒടുവിൽ താൻ സ്നേഹിച്ച പെണ്ണിനെ തന്നെ തനിക്ക് ജീവിതപങ്കാളിയായി വേണമെന്ന് പറഞ്ഞപ്പോഴും അവർ തടസ്സം നിന്നിട്ടില്ല.സുന്ദരിയും സൽസ്വഭാവിയുമായവൾ.മകൻ തന്റെ പ്രണയിനിയോടുകൂടി തനിച്ച് ജീവിക്കണമെന്ന് വാശിപിടിച്ചപ്പോൾ അവൾ അതുപോലുമെതിർത്തെങ്കിലും അവനത് നടത്തി.കാത്ത് കാത്ത് അവനെ കിട്ടുമ്പോഴേക്കും ആ മാതാപിതാക്കൾ യൗവ്വനത്തിന്റെ അവസാനത്തിലേക്ക് നീങ്ങിയിരുന്നു.തന്റെ പ്രിയപുത്രന്റെ വിവാഹമെത്തുമ്പോഴേക്കും അവർ വാർധക്യത്തിലേക്ക് ചാഞ്ഞു.മകൻ അവസരം കളഞ്ഞില്ല.അവരെ വൃദ്ധകേന്ദ്രത്തിലാക്കിയില്ലേ.എന്നിട്ടും ആ      അച്ഛനമ്മമാർ എന്തുകൊണ്ടോ തന്റെ മക്കളെ പ്രതീക്ഷിക്കുന്നു.രാത്രിയിലെ ഇരുളിമയുടെ മുഖമായിട്ടല്ല.പകലിന്റെ പ്രകാശവുമായിട്ട്.ഓരോ ദിവസവും പ്രതീക്ഷിക്കുന്നു തന്നെ കൊണ്ടുപോവുമോ എന്നൊരൊറ്റ ചിന്തയിൽ.അവർക്കെന്തേ പരാതിയില്ലാത്തത്? ഒരു ദേഷ്യവുമില്ലാത്തത്അതായിരിക്കുമല്ലേ ശരിയായ മാതൃത്വം.

ഹിഫാമുഹമ്മദ്

X-G

# ശരീരം

നിലാവുപെയ്യുന്ന രാത്രിയുടെ നിശ്ശബ്ദതയിലും അവളുടെ ഹൃദയമിടിപ്പ് ഓരോ നിമിഷവും കൂടുകയാണ്.ഭയത്തിന്റെ തിരമാലകൾ അവളുടെ മേൽ ആഞ്ഞടിക്കുകയാണ്.തന്റെ കൈകളിലെ ചോര പുരണ്ട കത്തി, അത് അവളുടെ ഭയത്തിന് ശക്തികൂട്ടുകയാണ്. തന്റെ അടുത്ത് തന്നെയുള്ള ചോരവാർന്നു കിടക്കുന്ന ആ ശരീരത്തിലേക്കു നോക്കി അവൾ ഓർമ്മകളുടെ കൂമ്പാരത്തിലേക്ക് ഒന്ന് കണ്ണോടിച്ചു.

സ്നേഹിക്കാൻ മാത്രമറിയുന്ന വൃദ്ധദമ്പതികളുടെ ദത്തുപുത്രി.അവർ അവളെ ഒരുപാട് ലാളിച്ചു, സ്നേഹിക്കുകയും ചെയ്തു. സന്തോഷവും സ്നേഹവും മാത്രം കളിയാടിയിരുന്ന ആ കുടുംബത്തിലേക്ക് ദു:ഖത്തിന്റെ കറുത്ത കാർമേഘങ്ങൾ ഇരുണ്ടുകൂടാൻ തുടങ്ങി. അയൽ വീട്ടിലെ പുതിയ താമസക്കാരന്റെ രൂപത്തിലായിരുന്നു അവ. സുന്ദരനും സുമുഖനുമായിരുന്ന ഒരു ചെറുപ്പക്കാരനായിരുന്നു അടുത്ത വീട്ടിലെ ഒഴിഞ്ഞുകിടക്കുന്ന മുറിയിലെ പുതിയ താമസക്കാരൻ. മുതിർന്നവരോടുള്ള അവന്റെ പെരുമാറ്റം അവളിൽ അവനോട് ആരാധനയും ബഹുമാനവും തോന്നിച്ചു.അവൻമറ്റുള്ളവരെ കാണുന്നതുപോലെയല്ല തന്നെകാണുന്നത് എന്ന് അവൾക്ക് മനസ്സിലായി. ഒരു പുരുഷന്റെ ചിരിക്ക് ഇത്രയേറെ കാന്തികശക്തി ഉണ്ടെന്ന് അവൾ അന്നാദ്യമായി മനസ്സിലാക്കി. പിന്നീടെപ്പോഴോ അവനോടുള്ള ആരാധന സ്നേഹമായി മാറി. അവനെക്കാണുമ്പോഴൊക്കെ അവളുടെ മുഖം നക്ഷത്രത്തെപ്പോലെ തിളങ്ങി. അവൾ അന്നൊക്കെ കരുതി, താൻ ഈ ലോകത്തിൽ ഏറ്റവും ഭാഗ്യവതിയാണെന്ന് തന്നെ. താൻ സ്നേഹിക്കുന്ന പുരുഷൻ മറ്റുള്ളവരെപ്പോലെയല്ല എന്നവൾതന്റെ മനസ്സിലുള്ള കാര്യങ്ങൾ അവനോട് പറയുന്നതിനുമുമ്പ് അവൻ അവളോട് അവന്റ ഇഷ്ടം പറഞ്ഞു.

അവൾ അപ്പോഴൊക്കെ സന്തോഷത്തിന്റെ മായാലോകത്തായിരുന്നു. എന്നാൽ അവളുടെ വീട്ടിൽ നിന്ന് ഇങ്ങനെയൊരു ബന്ധത്തിന് ഒരിക്കലും സമ്മതം ലഭിക്കില്ലെന്ന സത്യം ഓരോ നിമിഷവും അവളെ അലട്ടിക്കൊണ്ടിരുന്നു.മാതാപിതാക്കളെ വേദനിപ്പിക്കാൻഅവൾക്കൊരിക്കലുംധിക്കമായിരുന്നില്ല.കാരണം താൻ ഇന്ന് ജീവനോടെ നിൽക്കുന്നത് തന്നെ അവർ കാരണമാണ്.തെരുവിന്റെ വിജനതയിൽ ഒറ്റയ്ക്കിരുന്ന് കരഞ്ഞ ആ കൊച്ചുപെൺകുട്ടിയെ അവർ സൗഭാഗ്യങ്ങളുടെ നിറമുള്ള ലോകത്തേക്ക് കൂട്ടിക്കൊണ്ടുവന്നു. എന്നാൽ പ്രായത്തിന്റെ പക്വതയില്ലായ്മയും അവനോടുള്ള പിരിയാനാവാത്ത സ്നേഹവും അവളെ ഒരു ഒളിച്ചോട്ടത്തിന് നിർബന്ധിതയാക്കി.അവന്റെ സ്നേഹം വെറും നൈമിഷികം മാത്രമാണെന്ന് മനസ്സിലാക്കാൻ അവൾ വൈകിപ്പോയി.അവൻ സ്നേഹിച്ചതും ആഗ്രഹിച്ചതും തന്റെശരീരത്തെ മാത്രമായിരുന്നുവെന്ന് അവൾതിരിച്ചറിഞ്ഞു .അവൻ വെറും ആട്ടിൻ തോലിട്ട ഒരു ചെന്നായയായിരുന്ന ു.അവനോടുള്ള അടക്കാനാകാത്ത ദേഷ്യം അവളെ ഇന്നൊരു കൊലയാളിയാക്കി.പെട്ടന്ന് അവൾ ഓർമ്മകളിൽനിന്നുണർന്നു. തന്റെ മാതാപിതാക്കളുടെ നിലവിളിമാത്രമായിരുന്നു അവളിൽ.ഇപ്പോൾ താൻ ഉപയോഗശൂന്യമായ ഒരു ശരീരം മാത്രമാണെന്ന് അവൾ മനസ്സിലാക്കി. പെട്ടെന്ന് അവൾ അവിടെനിന്നെഴുന്നേറ്റു . തന്റെ ശരീരത്തെ സ്നേഹിച്ച തന്റെ കാമുകനെ അവൾ ഒരിക്കൽക്കൂടി നോക്കി . ജീവിതഭാരങ്ങളിൽനിന്നും അവൾ മെല്ലെയിറങ്ങി നടന്നു..........

# എൻ വിദ്യാലയം

നൻമ്മകൾ പൂക്കുമെൻ വിദ്യാലയം ......
തിന്മകൾ അകറ്റുമെൻ വിദ്യാലയം .......
ആദ്യാക്ഷരം നകരുമെൻ വിദ്യാലയം.....
"അമ്മ" യെന്നുള്ള രണ്ടക്ഷരങ്ങൾ
ഉരുവുട്ടും ഞാനെൻ കലാലയത്തിൽ........
ഓടിക്കളിച്ചതും , ചാടിക്കളിച്ചതും
ഞാനെന്റെ കൊച്ചു കലാലയത്തിൽ........
സൗഹൃദം പങ്കിട്ടതും സ്നേഹം നകർന്നിട്ടും
ദീപമായ് തെളിയുമെൻ വിദ്യാലയം.......
ഹൃദയത്തിനാഴത്തിൽ വിദ്യാലയം
കത്തിജ്വലിക്കുന്ന സൂര്യനെപ്പോൽ...
ഇനി വരും തലമുറയിൽ  വിദ്യാലയമില്ല.......
ഇനി വരും തലമുറയിൽ സ്നേഹ ബന്ധമില്ല...
വിദ്യാലയം എന്ന നാലക്ഷര ഇനി
മുഷ്ടിചുരുട്ടി ഉയർത്തി പറയുവാൻ
ആർക്കാണ് കഴിയുമെൻ കൂട്ടുകാരേ.......
വിദ്യാലയത്തിൻ പടിച്ചവട്ടിൽ
ഇനിയാർക്കാണ് കാൽവെയ്ക്കാൻ സാധിക്കുക..
ഇനിയെന്നും ഓർമ്മയിൽ.........
ഇനിയെന്നും സ്വപ്നത്തിൽ........
രാത്രമാണെന്നുമെൻ വിദ്യാലയം.....

റിയ ഫാത്തിമ

IX F

ഭൂമി

എന്റെ ഭൂമിയെ
എന്തിനാ കൊല്ലുന്നത്
വയലു നികത്തിയും
പുഴയും നികത്തിയും
എന്റെ ഭൂമിയെ
എന്തിനാ കൊല്ലുന്നത്
പൂക്കളും ഇല്ലിന്ന്
ചെടികളും ഇല്ലിന്ന്
എല്ലാം മറയുന്ന
കാലവുമായ്..........
പഴയകാലത്തിൻ ഓർമ്മപുതുക്കുന്ന
വീടുകളൊക്കെ ഇന്നെവിടെപ്പോയ്.......
മാളികപോലുള്ള ഫ്ലാറ്റുകളുണ്ടിന്ന്
സമയമില്ലാത്ത ലോകത്തിനു
മീതെ പറക്കുന്ന ധാരാളം പക്ഷികളും
പ്രളയവും തന്നു
ഇനിയെന്തു നാളെ ?

നന്ദന . സി

IX F

# മരണത്തിന്റെ കിടക്കകൾ

ഒരു പക്ഷിക്കുഞ്ഞ് . അതിനെ ഓമനിച്ച് വളർത്തുന്ന സാന്ദ്ര!
സംയുക്ത എന്നാണ് ശരിക്കുള്ള പേര് . അവൾക്കൊരു
ഏട്ടനുണ്ട് . ആ പക്ഷിക്ക് സാന്ദ്രവിനെ വളരെ ഇഷ്ടമാണ് .
തന്നെ പാലും പഴവും തന്ന് പോറ്റിവളർത്തുന്ന സാന്ദ്രവിനെ
എങ്ങനെ ഇഷ്ടപ്പെടാതിരിക്കും . പക്ഷേ കുറച്ചുനാളായി
സാന്ദ്രവിനെ പക്ഷി കുറച്ചുനാളായി കാണുന്നില്ല ! പക്ഷി
പറന്നാൽ ഒരു തൂവലെങ്കിലും അവശേഷിക്കും . പക്ഷ!
ഇതതുമല്ല . ഒരുദിവസം സാന്ദ്രവിന്റ ഏട്ടന കലങ്ങിയക
ണ്ണുമായി വരുന്ന അവളെ ചോദിച്ചു . എന്നാൽ പക്ഷികളുടെ
ഭാഷ അറിയില്ല. ഏട്ടൻ പക്ഷിയെ താനോടി കടന്നുപോയി.
പക്ഷിക്ക് ഒന്നും മനസിലായില്ല . പക്ഷി ഓർത്തു തനിക്ക്
ഭക്ഷണം വേണ്ട, വെള്ളം വേണ്ട, സാന്ദ്രവിനെ ഒരുനോക്ക്
കണ്ടാൽ മതി . സാന്ദ്ര എന്നിട്ടും വന്നില്ല . ആ കുഞ്ഞുപക്ഷി
ക്ക് സങ്കടം സഹിക്കാൻ വയ്യ . സാന്ദ്ര വരുന്നുണ്ടോ
എന്നറിയാൻ അത് കൂടിനു വേളിയിൽ കാത്തുനിന്നു. പക്ഷേ
വിധിയെ തടുക്കാൻ ആർക്കും ആവില്ലല്ലൊ . അപ്പോഴെക്കും
അതിനെ നോട്ടം വച്ച പൂച്ച അതിനെ പിടിച്ചു . ആ കുഞ്ഞു
പക്ഷി അവന്റെ വായയിൽ കിടന്ന് മരിച്ചു . മരണകട്ടിൽ
കിടന്നു പിടയുമ്പോൾ സാന്ദ്രവിന്റെ ബന്ധുക്കൽ പറയുന്നത്
കേട്ടു , "എന്റെ കുഞ്ഞു പക്ഷി നിനക്കീ ഗതി വന്നല്ലോ എന്റെ
സാന്ദ്രപോയി അവളുടെ ഓർമ്മയ്ക്കായുള്ള നീയും പോയി "
എന്ന് . അവർ എല്ലാം വാവിട്ടുകരയുന്നതു മാത്രം കേട്ടു . ആ
കുഞ്ഞുപക്ഷിയുടെ കണ്ണടഞ്ഞു,എന്നെന്നേക്കുമാ
യി .

ലാമിയ . എസി

V B

# ക്ലബ് പ്രവർത്തനങ്ങൾ

# റിപ്പോർട്ട്

**<u>കളിയൂഞ്ഞാൽ "പ്രതിഭാ പോഷണ പരിപാടി 2018</u>**

മാസം നീണ്ടു നിൽക്കുന്ന വിജ്ഞാനവും വിനോദവും കൂടിച്ചേരുന്ന പ്രതിഭ പോഷണ പരിപാടി സംഘടിപ്പിച്ചു .ഈ വിദ്യാലയത്തിലെയും സമീപ വിദ്യാലയങ്ങളിലെയും ചേർത്ത് 100 കുട്ടികൾ ഒരു മാസത്തെ പരിപാടിൽ പങ്കെടുത്തു.കണ്ണൂർ ret ഡി ഡി ഇ കരുണാകരൻ മാസ്റ്റർ ,പരിപാടി ഉദ്ഘാടനം ചെയ്തു .ചിത്രരചനാ ക്ലാസ്സ് ,പ്രവൃത്തിപരിചയ ശില്പശാല ,കവിത ശില്പശാല ,പൊതു വിജ്ഞാന ക്‌ളാസ്സുകൾ,സംഗീത ശില്പശാല സ്പോക്കൺ ഇംഗ്ലീഷ് എന്നിവ നടന്നു .






## <u>പ്രവശനോത്സവം june 1</u>





**ചക്ക മഹോത്സവം കൊതിയൂറുന്ന കാഴ്ച july 6**

അഞ്ചരക്കണ്ടി ഹയർ സെക്കണ്ടറി സ്കൂൾ പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചക്ക മഹോത്സവം അപൂർവ കാഴ്ചയായി. ചക്ക കൊണ്ട് രുചിയൂറുന്ന മികച്ച വിഭവങ്ങൾ തയ്യാറാക്കി കുട്ടികൾ പ്രദർശിപ്പിച്ചു .ചക്ക തോരൻ,പ്രഥമൻ,ഹൽവ,ഉപ്പേരി ,ജാം,പായസം,തുടങ്ങി കൊതി പിടിപ്പിക്കുന്ന വിഭവങ്ങളുടെ കലവറ തന്നെ കുട്ടികൾ ഒരുക്കി .മികച്ച വിഭവങ്ങൾ തയ്യാറാക്കിയ കുട്ടികൾക്ക് സമ്മാനം നൽകി ..



**പാവക്ക മഹോത്സവം aug3**

അഞ്ചരക്കണ്ടി ഹയർ സെക്കന്ററി സ്കൂളിൽ പ്രവൃത്തിപരിചയ club ന്റെ ആഭിമുഖ്യത്തിൽ പാവക്ക മഹോൽസവം നടത്തി.8 k ക്ളാസ്സിലെ കുട്ടികളാണ് അപൂർവമായ ഈ ഭക്ഷ്യമേള ഒരുക്കിയത്.പുതിയ തലമുറയിലെ കുട്ടികൾ പാവക്ക ഇഷ്ടപ്പെടുന്നില്ലെന്ന തിരിച്ചറിവാണ് ഈ മേള സംഘടിപ്പിക്കുന്നന്നതിന് പ്രചോദനമായത്.കയ്പക്ക തോരൻ ,കറി,തീയൽ,കൊണ്ടാട്ടം,അച്ചാർ,ചമ്മന്തി ,പച്ചടി തുടങ്ങി



ഇരുപതിലധികം വിഭവങ്ങൾ കുട്ടികൾ തയ്യാറാക്കി.പാവക്ക(കയ്പക്ക)യുടെ ഔഷധഗുണവും ,സ്വാദും കുട്ടികൾക്ക് ഉൾക്കൊള്ളാൻ മേള കൊണ്ട് സാധിച്ചു

**<u>ആടിവേടൻ aug 7</u>**

അഞ്ചരക്കണ്ടി ഹയർ സെക്കന്ററി സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ കലയും ആചാരവും കൂടിച്ചേരുന്ന വേടൻ അവതരിപ്പിച്ചത് കുട്ടികൾക്ക് നവ്യാനുഭവമായി.

ആടി വേടന്റെ പുരാവൃത്തം തോറ്റങ്ങളിലൂടെ കുട്ടികൾ കേട്ടറിഞ്ഞു.സ്കൂളിലെ ഏഴാം തരം വിദ്യാർത്ഥിനി



സിൻഷ,തെയ്യം കലാകാരനായ രാജീവൻ പണിക്കർ എന്നിവരാണ് ആടിവേടൻമാരായി സ്കൂളിൽ എത്തിയത്.ആടി മാസകെട്ടുതികളിൽ നിന്ന് എല്ലാവർക്കും ആശ്വാസം നേർന്നും എല്ലാവർക്കും അനുഗ്രഹം നല്കിയും ആടിവേടൻ പടിയിറങ്ങി.

**<u>വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സ് നടത്തി oct 1</u>**




അഞ്ചരക്കണ്ടി ഹയർ സെക്കന്ററി സ്കൂൾ ആരോഗ്യ - പരിസ്ഥിതി - സയൻസ് ക്ലബ്ബുകളുടെ സംയുക്താഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സ് നടത്തി .സ്റ്റാഫ് സെക്രട്ടറി ശ്രീമതി എൻ.പി പ്രശീല സ്വാഗതമാശംസിച്ചു.പി.ടി.എ. പ്രസിഡന്റ് ശ്രീ അനിൽ കുമാറിന്റെ അധ്യക്ഷതയിൽ വാർഡമെമ്പർ ശ്രീമതി ശ്രീലത ക്ലാസ് ഉദ്ഘാടനം ചെയ്തു. Jr.ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ അരുൺകുമാർ കൗമാര പോഷണം, പോഷകാഹാരത്തിന്റെ പ്രാധാന്യം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെക്കുറിച്ച് വിജ്ഞാനപ്രദമായ ക്ലാസ്സ് നടത്തി.തുടർന്ന്JPHN ശ്രീമതി സജിത ആർത്തവ ശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി.

**<u>ലഹരി വിരുദ്ധ നാടകം :വെയിൽ"അവതരിപ്പിച്ചു.</u>**

**<u>nov 10</u>**

കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുന്നതിന്റെ സാഹചര്യത്തിൽ പി ടി എ യുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ നാടകം :വെയിൽ"അവതരിപ്പിച്ചു.രക്ഷിതാക്കളും കുട്ടികളും ചേർന്ന മൂവായിരത്തോളം പേർ നാടകം ആസ്വദിച്ചു .സമൂഹത്തിൽ ലഹരി വിരുദ്ധ മനോഭാവം ഉണ്ടാക്കുന്നതിനു നാടകം പ്രചോദകമായി




**<u>ആരോഗ്യ ബോധവൽക്കരണം</u>** nov 16

നിപ വൈറാസ് ബോധവൽക്കരണം ,കണ്ണൂർ മെഡിക്കൽകോളേജ് മായി സഹകരിച്ചു നേത്രപരിശോധന ,ദന്ത പരിശോധന എന്നീ പരിപാടികൾ ആരോഗ്യമേഖലയിലുള്ള കുട്ടികളുടെ അവബോധം ഊട്ടി ഉറപ്പിക്കുന്നവ ആയിരുന്നു.

**<u>സൈക്കിൾ സംഭാവന ചെയ്തു</u>**

മിഡാവിലോഡ് അംഗൻവാടിയിലെ കുട്ടികൾക്ക് ൨ സൈക്കിളുകൾ സംഭാവന ചെയ്തു..സ്കൂൾ മാനേജർ പങ്കെടുത്തു .പ്രയദുരന്തവുമായി ബന്ധപ്പെട്ട് സാധനങ്ങളും ,തുകയും സമാഹരിച്ചു മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്കൗട്ട് ഗൈഡ്സ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.

എൻ എസ് എസ് യൂണിറ്റ് ന്റെ നേതൃത്വത്തിൽ ക്ലാസ്സ് ലൈബ്രറികൾ ശക്തിപ്പെടുത്തി .

**<u>റോബോട്ടിക് വർക്ക് ഷോപ് സംഘടിപ്പിച്ചു</u>**

**<u>nov 23</u>**

അഞ്ചരക്കണ്ടി ഹയർ സെക്കണ്ടറി സ്കൂൾ അറുപതാം



വാർഷികാഘോഷത്തിന്റെ ഭാഗമായി സ്കൂളിൽ റോബോട്ടിക് വർക്ക് ഷോപ് സംഘടിപ്പിച്ചു .തൃശ്ശൂർ ആസ്ഥാനമായുള്ള ഇൻകെർ

റോബോട്ടിക് കമ്പനി വികസിപ്പിച്ചെടുത്ത റോബോട്ടുകളുടെ പ്രവർത്തനം കുട്ടികൾക്ക് കൗതുകമായി . റോബോട്ടു കളുടെയും ഡ്രോണുകളുടെയും മാതൃകകൾ പ്രദർശിപ്പിക്കുകയും പ്രവർത്തന തത്വങ്ങൾ വിശദീകരിക്കുകയും ചെയ്തു.റോബോട്ടിക് എഞ്ചിനിയർ രാഹുൽ പി ബി class കൈകാര്യം ചെയ്തു

**<u>ചിത്രരചന മത്സരം പുസ്തക കിറ്റ് വിതരണം nov 22</u>**

ലൈബ്രറി ശാക്തീകരണവുമായി ബന്ധപ്പെട്ട് സമീപ വിദ്യാലയങ്ങളിലെ യുപി എച് ,എസ് വിഭാഗം കുട്ടികൾക്ക് ചിത്രരചന മത്സരം നടത്തി സ്കൂളുകൾക്ക് സൗജന്യ പുസ്തക കിറ്റ് വിതരണം നടത്തി. നവീകരിച്ച സ്കൂൾ ഉദ്ഘാടന ചടങ്ങിൽ വെച്ച് മത്സരവിജയികൾക്ക് സമ്മാനങ്ങളും ,കിറ്റും വിതരണം ചെയ്തു



**<u>നവീകരിച്ച ലൈബ്രറി ഉദ്ഘാടനവും മോഹൻ കുമാർ ഐ എ എസ് നെ ആദരിക്കലും nov 24</u>**


കേരള പൊതു വിദ്യാഭ്യാസ ഡയറക്ടറും 2018 ലെ വയലാർ അവാർഡ് ജേതാവുമായ ശ്രീ കെ വി മോഹൻകുമാർ ഐ എ എസ് അവർകളെ അഞ്ചരക്കണ്ടി ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ആദരിച്ചു . അദ്ദേഹത്തിനുള്ള ആദര



സമർപ്പണവും, വായനയുടെ അഭൗമ ലോകം കുട്ടികൾക്ക് തുറന്നു കൊടുക്കുന്ന ലൈബ്രറി ശാക്തീകരണവുമായി ബന്ധപ്പെട്ട നവീകരിച്ച സ്കൂൾ ലൈബ്രറിയുടെ ഉദ്ഘാടനവും സ്കൂളിൽ നടന്നു .നവീകരിച്ച ലൈബ്രറി യുടെ ഉദ്ഘാടനം കെ വി മോഹൻ കുമാർ ഐ എ എസ് നിർവഹിച്ചു .കേരളത്തിലെ തന്നെ മികച്ച ലൈബ്രറി ആണ് ഈ വിദ്യാലയത്തിലേത്എന്നും ,വായന നമ്മെ ഏതു ഉയർന്ന നിലയിൽ എത്തിക്കുന്നതിനും പ്രാപ്തമാക്കും എന്നും അദ്ദേഹം പറഞ്ഞു.കണ്ണൂർ ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ കെ പി ജയപാലൻ മാസ്റ്റർ മോഹൻ കുമാറിന് ഉപഹാരം സമർപ്പിച്ചു .

**<u>ഫോട്ടോകളുടെയും സ്റ്റാമ്പുകളുകളുടെയും പ്രദർശനം dec 6</u>**

അഞ്ചരക്കണ്ടി ഹയർ സെക്കന്ററി സ്കൂളിന്റെ 60ാം വാർഷികത്തിന്റെ ഭാഗമായി സാമൂഹ്യശാസ്ത്ര ക്ളബിന്റെ,നേതൃത്വത്തിൽ ഗാന്ധിജിയുടെ ജീവിതവുമായി ബന്ധപ്പെട്ട വാർത്തകളുടെയും ഫോട്ടോകളുടെയും സ്റ്റാമ്പുകളുകളുടെയും പ്രദർശനം സ്കൂളിൽ നടന്നു .ഗാന്ധിയനും ഗാന്ധിജിയുടെ ജീവിത ചരിത്ര രേഖകളുടെ അമൂല്യ,ശേഖരത്തിന്റെ ഉടമയുമായ ശ്രീ ഗബ്രിയേൽ ദാസാണ് പ്രദർശനം ഒരുക്കിയത്.



## <u>ജില്ലാതല ക്വിസ് ,ചിത്രരചന മത്സരങ്ങൾ നടത്തി dec 22</u>




യു പി, എച് എസ്, എച്ച് എസ് എസ് വിഭാഗം വിദ്യാർത്ഥികൾക്കുള്ള ചിത്രരചന ,ജലഛായം പൊതുവിജ്ഞാന ക്വിസ് എന്നീ മത്സരങ്ങൾ നടന്നു.പ്രശസ്ത ചിത്രകാരൻ ഗോവിന്ദൻ കണ്ണപുരം ഉദ്ഘാടനം ചെയ്തു

## Magic show Jan 17

**Aids രോഗ ബോധവൽക്കരണവുമായി**
**ബന്ധപ്പെട്ട് രാജീവൻ മേമുണ്ട നടത്തിയ Magic Show യിൽ നിന്ന്**

